**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 109** **12-02-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ കുട്ടികൾക്കിടയിൽ സിന്തറ്റിക് ലഹരി അടക്കമുള്ള ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നത് തടയാൻ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്യാംപെയിനിൽ വിദ്യാർത്ഥി കൾക്കിടയിൽ ലഹരി വസ്തുക്കളുടെ ദുരുപയോഗവും ആസക്തിയും തടയാൻ ലക്ഷ്യമിട്ടുള്ള വിവിധ പ്രവർത്തന പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു. ലഹരി വസ്തുക്കൾക്കെതിരെയുള്ള ബോധ വത്കരണം, സമൂഹത്തെ ശാക്തീകരിക്കൽ, ആരോഗ്യകരമായ ജീവിത ശൈലി പ്രോൽസാഹിപ്പി ക്കുന്നതിനുള്ള പിന്തുണ സംവിധാനങ്ങൾ എന്നിവയാണ് ഇതിൽ പ്രധാനമായും ഉൾപ്പെട്ടു ത്തിയിട്ടുള്ളത്.<br><br>സ്കൂൾ തലത്തിൽ നടത്തേണ്ട ജാഗ്രതാ പ്രവർത്തനങ്ങൾ, ജനജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ എല്ലാ വിദ്യാലയങ്ങൾക്കും നൽകിയിരുന്നു. ലഹരിവിരുദ്ധ ബോധവൽക്കരണത്തോടൊപ്പം കുട്ടികളെ ഇതിൽ നിന്ന് പിൻതിരിപ്പിക്കുന്നതിന് അധ്യാപകരെ ശക്തരാക്കുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>. അമ്മ റിസോഴ്സ് ഗ്രൂപ്പായി രക്ഷകർത്താക്കളുടെ കൂട്ടായ്മ സ്കൂൾ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകി വരുന്നു.<br><br>ലഹരി ഉപയോഗം കണ്ടെത്തുക അറിയിക്കുക, പരിഹാര മാർഗങ്ങൾ നിശ്ചയിക്കുക എന്നിങ്ങനെയുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി Standard Operating Procedure (SOP) തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ കേസുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് പ്രൈമറി, സെക്കണ്ടറി തലത്തിലെ എല്ലാ അധ്യാപകർക്കും കൃത്യമായ ധാരണ അവധിക്കാല അധ്യാപക പരിശീലനത്തിൽ നൽകിയിട്ടുണ്ട്. |

. ലഹരിക്കെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും, കുട്ടികളെ നിരീക്ഷിക്കുന്നതിനും വേണ്ടി എക്സൈസ് വകുപ്പുമായി ചേർന്ന് സ്കൂളിൽ prahari club/ Children's Club, anti narcotic club രൂപീകരിക്കുകയും, ബോധവൽക്കരണ പരിപാടികൾ നടത്തി വരുകയും ചെയ്യുന്നു.

. തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ജാഗ്രത ബ്രിഗേഡ് എന്ന രീതിയിൽ മുപ്പത് മുതൽ അമ്പത് വരെ കുട്ടികളുടെ ഗ്രൂപ്പ് രൂപപ്പെടുത്തുകയും അവരിലൂടെ വിദ്യാലയ പ്രവർത്തനങ്ങൾ ഏകോ പിപ്പിക്കുകയും ചെയ്യുന്നു. കലാ- കായിക, ദന്ത സംരക്ഷണം ഉൾപ്പെടെയുള്ള ആരോഗ്യ പരിപാടികൾ, വ്യക്തിത്വ വികസന പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു.

. 'തെളിവാനം വരയ്ക്കുന്നവർ' എന്ന പുസ്തകം എക്സൈസ് വകുപ്പുമായി ചേർന്ന് തയ്യാറാക്കുകയും, ആയതിൽ ലഹരിക്കെതിരെ കുട്ടികളുടെ മനോഭാവം വളർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളി ക്കുകയും ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പ് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കുട്ടികൾക്കായി 'കരുതൽ' 'കവചം' എന്നീ പുസ്തകങ്ങളും തയ്യാറാക്കിയിട്ടുണ്ട്.

. സംസ്ഥാനത്തിലെ എല്ലാ വിദ്യാലയങ്ങളിലും ജൂൺ 26 ന് ലഹരി വിരുദ്ധ പാർലമെന്റ്, ശിശു ദിനത്തിൽ പ്രത്യേക അസംബ്ലി, ഒക്ടോബർ 2 ന് സംവാദ സദസ്സ്, ജനുവരി 30ന് ക്ലാസ് സഭ എന്നിവ നടത്തിയിട്ടുണ്ട്.

. കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയം ലഭ്യമാക്കിയ നവ ചേതന മൊഡ്യൂൾ പ്രകാരം അധ്യാപകർക്ക് ഈ വിഷയവുമായി ബന്ധപ്പെട്ട പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഒന്ന് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ തയ്യാറാക്കിയ ആരോഗ്യ ജീവിത നൈപുണി വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട പാഠപുസ്തകങ്ങളിലും (ഉല്ലാസ പറവകൾ) ഈ വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്.

. 2024-25 അക്കാദമിക വർഷത്തിൽ പരിഷ്കരിച്ച പാഠപുസ്തകങ്ങളിൽ അടിസ്ഥാന ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, മലയാളം, ഉറുദു, അറബി എന്നീ വിഷയങ്ങളിൽ അപ്പർ പ്രൈമറി, ഹൈസ്കൂൾ തലങ്ങളിൽ പ്രസ്തുത വിഷയം ഉൾ പ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2025-26 അക്കാദമിക വർഷം പരിഷ്കരിക്കുന്ന വിവിധ വിഷയങ്ങളിലെ പാഠ പുസ്തകങ്ങളിൽ പ്രസ്തുത വിഷയം ഉൾപ്പടുത്തുന്നുണ്ട്. പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ടാം ഘട്ടത്തിൽ അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗത്തിലെ ക്ലാസുകളിലെ പുതുക്കിയ പാഠപുസ്തകങ്ങളിലും ലഹരിയ്ക്കും മയക്കു മരുന്നിനും എതിരായിട്ടുള്ള പാഠഭാഗങ്ങൾ

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയിട്ടുണ്ട്. ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് കുട്ടികളിൽ അവഗാഹം ഉണ്ടാക്കേണ്ടതും കുട്ടികൾക്ക് ലഹരികൾ ലഭിക്കുന്ന വഴികൾ തടയേണ്ടതും ഈ കാലഘട്ടത്തിലെ അടിയന്തിര ആവശ്യമായി മാറിയിട്ടുണ്ട്. ഈ വിഷയം ഗൗരവമായി കണക്കിലെടുത്തു വിദ്യാഭ്യാസ വകുപ്പ് കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. |
| (ബി) | വിദ്യാർത്ഥികളെ ലഹരി വിൽപ്പനയുടെ ക്യാരിയർമാരായി ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനും സ്കൂൾ പരിസരത്തെ ലഹരി വിൽപ്പന തടയുന്നതിനും എക്സൈസ് വകുപ്പുമായി ചേർന്ന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | ലഹരിക്കെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും, കുട്ടിക നിരീക്ഷിക്കുന്നതിനും വേണ്ടി എക്സൈസ് വകുപ്പുമായി ചേർന്ന് സ്കൂളിൽ Anti Narcotic Club രൂപീകരിക്കുകയും, ബോധവൽക്കരണ പരിപാടികൾ നടത്തി വരുകയും ചെയ്യുന്നു 'വിമുക്തി മിഷൻ' ലഹരിമുക്ത കേരളം ലക്ഷ്യമിട്ടു നടത്തുന്ന പദ്ധതിയാണ്. എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി, കുടുംബശ്രീ, ആർട്സ് ആൻറ് സ്പോർട്സ് ക്ലബുകൾ, റസിഡൻഷ്യൽ അസോസി യേഷനുകൾ, യുവജന സംഘടനകൾ എന്നിവരുടെ നേതൃത്വത്തിൽ ബോധവത്കരണം, കൗൺസിലിംഗ്, ചികിത്സ, പുനരധിവാസം എന്നീ മേഖലകൾക്കാണ് ഊന്നൽ നൽകുന്നത് കുട്ടികളിലെ മയക്കു മരുന്ന് അടിമത്തത്തെ ചെറുക്കു ന്നതിനുള്ള ഒരു മാർഗ്ഗമെന്ന നിലയിൽ സ്പോർട്സ് എന്ന ആശയം ശക്തിപ്പെടുത്തുന്നതിന് വിമുക്തി മിഷൻ സ്കൂളുകളിൽ "ഉണർവ്", "ടീം വിമുക്തി സ്പോർട്സ് ടീം" തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.<br><br>• **നേർവഴി**- അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥി കൾക്കിടയിലെ ലഹരി ഉപയോഗം കണ്ടെത്തി കൗൺസിലിംഗ് നൽകി പ്രശ്നം പരിഹരിച്ച് കട്ടികളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്ന പദ്ധതിയാണ്<br><br>• **കവചം** എന്ന കൈപുസ്തകം ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫല ങ്ങളെക്കുറിച്ചും, മയക്കുമരുന്ന് ദുരുപയോഗത്തിൽ നിന്ന് വിട്ടു നിൽക്കാനുള്ള വഴികളെക്കുറിച്ച് വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ് കരുതൽ എന്ന പുസ്തകത്തിൽ കുട്ടികൾ ക്കിടയിലെ മയക്കുമരു ദുരുപയോഗം തിരിച്ചറിയാനും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് അധ്യാപകരെയും |

| | | | |
|---|---|---|---|
| | | | രക്ഷിതാക്കളെയും ബോധവൽക്കരിക്കാനും ഉതകു ന്നതാണ്. ലഹരി ഉപയോഗ ത്തിനെതിരെ ചിന്തിക്കാനും ഒഴിവുസമയങ്ങളിൽ അവരുടെ സർഗാത്മകത വളർത്താനും കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനായി ജനമൈത്രി ഓഫീസ് എക്സൈസിൻ്റെ നേതൃത്വത്തിൽ വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ചു വരുന്നു.<br><br>. Standard Operating Procedure(SOP)- ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ റീജണൽ ജുഡീഷ്യൽ കൊളിജ്യത്തിന്റെ നിർദ്ദേശപ്രകാരം കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടത്തേണ്ട ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി എസ്.ഒ.പി തയ്യാറാക്കിയിട്ടുണ്ട്.<br><br>. ആയതിൽ കേസുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് പ്രൈമറി, സെക്കണ്ടറി തലത്തിലെ എല്ലാ അധ്യാപകർക്കും കൃത്യമായ ധാരണ അവധിക്കാല അധ്യാപക പരിശീലനത്തിൽ നൽകിയിട്ടുണ്ട്. |
| (സി) | സ്കൂൾ കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നത് തടയാൻ രക്ഷിതാക്കളുടെ പങ്കാളിത്തത്തോടുകൂടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | സ്കൂളുകളിൽ രൂപീകരിച്ച വിദ്യാലയജാഗ്രത സമിതിയിൽ പ്രഥമാധ്യപിക ചെയർമാനും പി ടി എ പ്രസിഡൻ്റ്, എം പി ടി എ പ്രസിഡന്റ് എന്നിവർ അംഗങ്ങളുമാണ്. വിദ്യാലയജാഗ്രത സമിതി സ്കൂൾ തലത്തിലെ ജാഗ്രത പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. സ്കൂൾ തലത്തിൽ പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങളിൽ കൃത്യമായ തീരുമാനമെടുക്കുകയും അല്ലാത്തവ ബന്ധപ്പെട്ട അധികാരികളിലേക്ക് എത്തിക്കുകയും ചെയ്യുന്നു. അമ്മ റിസോഴ്സസ് ഗ്രൂപ്പായി പ്രവർത്തിക്കുന്ന രക്ഷകർത്താക്കളുടെ കൂട്ടായ്മ സ്കൂൾ പ്രവർത്തനങ്ങൾക്ക് പിൻതുണ നൽകി വരുന്നു വിദ്യാലയജാഗ്രത സമിതിയെ സഹായിക്കൽ, രക്ഷിതാക്കൾക്കും കുട്ടികൾക്കുമുള്ള ശാക്തീകരണ പ്രവർത്തനങ്ങളിൽ പങ്ക് ചേരൽ, എന്നിവ ഈ കൂട്ടായ്മയുടെ ചുമതലകളിൽ ഉൾപ്പെട്ടതാണ്. ലഹരി ഉപയോഗം തടയാൻ ഒരു സ്കൂളിൽ കൂട്ടായി ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് രക്ഷിതാക്കളുടെ സഹകരണം ഉറപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# സ്കൂൾ ലഹരി വിരുദ്ധ - പ്രവർത്തന മാർഗ്ഗരേഖ

ആമുഖം.

സുരക്ഷിതവും ആരോഗ്യ പൂർണ്ണവുമായ ബാല്യകാലം കുട്ടികളുടെ അവകാശമാണ്. സ്കൂൾ വിദ്യാഭ്യാസ കാലം കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയുടെയും വികസനത്തിന്റെയും കാലഘട്ടമാണ് ഏറ്റവും സന്തോഷകരവും ആഹ്ലാദകരവുമായ കുട്ടിക്കാലവും വിദ്യാഭ്യാസ കാലഘട്ടവും നമ്മുടെ കുട്ടികൾക്ക് ലഭ്യമാക്കേണ്ടത് കുടുംബത്തിവുയും സമൂഹത്തിന്റെയും സർക്കാരിന്റെയും ഉത്തരവാദിത്വമാണ്.

പുതിയ കാലഘട്ടത്തിൽ സമൂഹം പുരോഗമിക്കുന്നതോടൊപ്പം മനുഷ്യരുടെ ആരോഗ്യത്തെയും ചിന്താശേഷിയേയും മാരകമായി ബാധിക്കുന്ന പല പ്രവണതകളും ഉണ്ടായിട്ടുണ്ട്. അതിലേറ്റവും മുന്നിൽ നിൽക്കുന്നത് സമൂഹത്തിലെ ലഹരിമരുന്ന് വ്യാപനമാണ്. പ്രായഭേദമന്യേ മുതിർന്നവരിലും കുട്ടികളിലും മാരകമായി വ്യാപിച്ചു കൊണ്ടിരിക്കുന്ന വലിയൊരു വിപത്താണിത്. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ രണ്ടാം ശതകത്തോടെ ഇതിന്റെ വ്യ്പനവും ഉപയോഗവും വളരെ കൂടുതലായിട്ടുണ്ട്. നിയമ നിർമ്മാണം കൊണ്ടോ സർക്കാരിന്റെ നിർദ്ദേശം കൊണ്ടോ മാത്രം പരിഹരിക്കാൻ പറ്റുന്നതല്ല ഈ ദുരന്തം. സമൂഹത്തിലെ എല്ലാതലങ്ങളും ഒരേ വേഗതയിലും ഗൗരവത്തിലും ഇടപെട്ടാൽ മാത്രമേ ലഹരിമരുന്നു ദുരന്തത്തിൽ നിന്നും സമൂഹത്തിന് മുക്തി നേടുവാൻ സാധിക്കുകയുള്ളൂ. ഏറ്റവും പ്രധാനം ഈ ദുരന്തത്തിനിരകളാകാതെ നമ്മുടെ കുട്ടികളെ രക്ഷിക്കുക എന്നതാണ് ഏറ്റവും പ്രധാനമായ കാര്യം. സുരക്ഷിതമായ ബാല്യം കുട്ടികളുടെ അവകാശമാണ്.

ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗവുമായി ബന്ധപ്പെട്ട് കുട്ടികളെ ബോധവൽക്കരിക്കുന്നതിനായി വിവിധ പരിപാടികൾ ഇതിനോടകം തന്നെ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പും,എസ്.സി.ആർ.ടി, എസ്.ഐ.ഇ.ടി., കെ.ഐ.ഇ.ടി., സമഗ്രശിക്ഷ എന്നീ ഏജൻസികളും വിവിധ പരിപാടികൾ സ്കൂൾ തലത്തിലും, ജില്ലാതലത്തിലും നടപ്പിലാക്കിയിരുന്നു. സ്കൂളുകളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ ഭാഗമാകുന്നുണ്ട്. എക്സൈസ്, പോലീസ്, ആരോഗ്യം,വനിതാ ശിശു വികസനം,സാമൂഹിക നീതി എന്നീ വകുപ്പുകൾ വിവിധ കാമ്പെയിനുകൾ നടത്തിവരുന്നുണ്ട്.

2011 ൽ സർക്കാർ ഉത്തരവ് പ്രകാരം ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലത്തിൽ ആന്റീ നർക്കോട്ടിക് സെൽ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നുണ്ട്. എങ്കിലും ഈ വിപത്തിന്റെ വ്യാപനം നിർണ്ണായകമായ രീതിയിൽ തടയാൻ സാധിച്ചിട്ടില്ല. സർക്കാർ തലത്തിലും

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവാദിത്തത്തിലും പ്രൈമറി വിദ്യാലയങ്ങൾ മുതൽ ഹയർ സെക്കണ്ടറി വരെയുള്ള തലങ്ങളിൽ ലഹരിമരുന്നു വിരുദ്ധമായ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. സ്ഥിരം സംവിധാനം എന്ന നിലയിൽ നിലവിലെ സംവിധാന ങ്ങളെ ഏകോപിപ്പിക്കാനും സജീവമാക്കാനുമായി ലഹരിമരുന്ന് വിരുദ്ധ സമിതികൾ ശക്ത മാക്കേണ്ടതുണ്ട്.

. വിദ്യാലയ ജാഗ്രത സമിതികളുടെ പ്രവർത്തനങ്ങളും നടത്തിപ്പും ചുമതലകളും നിശ്ചിയിക്കുന്ന മാർഗരേഖയാണിത്.വിദ്യാലയ വാർഷിക പ്രവർത്തനങ്ങൾ അനുബന്ധം രണ്ടായിചേർത്തിരിക്കുന്നു.

<u>ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും</u>

**ലക്ഷ്യം**

- സന്തോഷകരവും ആരോഗ്യത്തോടുകൂടിയതുമായ ബാല്യം കുട്ടികൾക്ക്

ഉറപ്പാക്കുന്നതിനായി

- ലഹരി മുക്തമായ പഠനകാലം ഒരുക്കുന്നതിനായി.

**ഉദ്ദേശ്യങ്ങൾ**

- വിദ്യാർത്ഥികളിൽ ലഹരി മുക്ത മനോഭാവം വളർത്തിയെടുക്കുന്നതിന്
- ആരോഗ്യകരമായ ബാല്യം കുട്ടികൾക്ക് പ്രധാനം ചെയ്യുന്നതിന്
- അധ്യാപകരുടെ ചുമതലകൾ ഉറപ്പാക്കുന്നതിന്
- ലഹരിമുക്ത പ്രവർത്തനങ്ങളിൽ രക്ഷിതാക്കൾ, സ്കൂൾ
- അനുബന്ധസമൂഹം എന്നിവരുടെ പങ്ക് തിരിച്ചറിയുന്നതിന്.
- ജനജാഗ്രതാ സമിതി, സമിതിയുടെ ജാഗ്രതാ പ്രവർത്തനം ശക്തിപ്പെ ടുത്തുന്നതിന്.
- കുട്ടികളുടെ മാനസികവും ശാരീരികവും വൈകാരികവുമായ പ്രയാസങ്ങൾ പരിഹരിക്കുന്നതിന്.

ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള വിവിധപ്രവർത്തനങ്ങളുടെ ഘട്ടങ്ങൾ താഴെ പ്പറയുന്നു.

- ലഹരി വിരുദ്ധപ്രവർത്തനങ്ങൾ ശക്തിപ്പെടിത്തുന്നതിനുള്ള സംഘാടനം ഉറപ്പാക്കുന്നു.
- വിദ്യാലയ അനുബന്ധസമൂഹത്തിലെ (രക്ഷിതാക്കൾ, അഭ്യുദയകാംഷികൾ, പൊതു സമൂഹം, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവ) പൂർണ്ണ സഹകരണം ഉറപ്പാക്കുന്നു.

- പുനരധിവാസം ആവശ്യമുള്ള കേസുകളിൽ അതിനായുള്ള ആസൂത്രണങ്ങളിലും നടപടികളിലും ഏർപ്പെടുന്നു.
    - രക്ഷിതാക്കൾക്ക് ആവശ്യമായ കൗൺസിലിംഗും ആത്മവിശ്വാസവും നൽകാനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
    - രക്ഷിതാക്കൾ, അധ്യാപകർ, കുട്ടികൾ എന്നിവർക്ക് അതത് സമയങ്ങളിൽ ബോധവൽക്കരണം, പരിശീലനം എന്നിവ ഉറപ്പാക്കുന്നു.
    - വിവിധ ഘട്ടങ്ങളിലുള്ള പ്രവർത്തനങ്ങളുടെ വിലയിരുത്തലും തുടർ പ്രവർത്തനങ്ങളുടെ ആസൂത്രണം ചെയ്യുന്നു.
    - പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ.

വിദ്യാലയതലം മുതൽ സംഘടിപ്പിക്കുന്ന വിവിധ ജാഗ്രതാ സമിതികളുടെ ഘടനയും ചുമതലകളും

**1) കുട്ടികളുടെ ജാഗ്രതാകൂട്ടം (ജാഗ്രതാ ബ്രിഗേഡ്)**

ചുരുങ്ങിയത് 30 കുട്ടികൾ (15 ആൺ കുട്ടികൾ+ 15 പെൺകുട്ടികൾ) വീതമുള്ള ഗ്രൂപ്പുകളാണുണ്ടാവുക. യു. പി , എച്ച് . എസ് തലങ്ങളിൽ ഇത്തരത്തിൽ സംഘടിപ്പിക്കണം. കുട്ടികൾ കൂടുതലുള്ള വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം ആനുപാതികമായി വർദ്ധിപ്പിക്കാവുന്നതാണ്. ഹയർ സെക്കന്ററി തലത്തിൽ നിലവിലെ സൗഹൃദക്കൂട്ടം തന്നെ വിദ്യാലയതല ജാഗ്രതാ സമിതി പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ടതാണ്.

കുട്ടികളിൽ നിന്നും ഒരു ലീഡറേയും ഉപ ലീഡറേയും തെരഞ്ഞെടുക്കപ്പെടണം. ഇതിൽ ആൺ, പെൺ, ട്രാൻസ് വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ പ്രാതിനിധ്യം ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**ചുമതലകൾ:**

വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും ആത്മ വിശ്വാസം ഉണ്ടാക്കുന്ന വിധത്തിൽ ഏറ്റവും സൗഹൃദത്തോടെയുള്ള ഇടപെടലാണ് ജാഗ്രതാ ബ്രിഗേഡുകൾ നടത്തേണ്ടത്.

അതോടൊപ്പം താഴെ പറയുന്ന വിധത്തിൽ കുട്ടികളിൽ നിന്നും ഏതെങ്കിലും അസ്വാഭാവികത ശ്രദ്ധയിൽപ്പെട്ടാൽ അത് അദ്ധ്യാപകരുടെയോ മുതിർന്നവരുടെയോ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

എ).. അപരിചിതരോ മുതിർന്ന ആൾക്കാരോ വിദ്യാലയത്തിനുള്ളിൽ ചുറ്റിപ്പറ്റി നിൽക്കുന്നതും കുട്ടികളോട് സംസാരിക്കുന്നതും ഇടപഴകുന്നതും ശ്രദ്ധയിൽ പെട്ടാൽ.

ബി). ഇടവേളകളിൽ മറ്റു കുട്ടികൾ വിദ്യാലയത്തിന് പുറത്തേക്ക് പോകുന്നു എന്ന് സംശയം തോന്നുന്നു എങ്കിൽ.

സി). വിദ്യാലയ പരിസരത്തുള്ള കടകളിൽ നിരോധിത പുകയില ഉൽപ്പന്നങ്ങളോ ലഹരി വസ്തുക്കളോ വിൽക്കുന്നതോ, ഉപയോഗിക്കുന്നതോ ശ്രദ്ധയിൽ പെട്ടാൽ.

ഡി) സഹപാഠികൾ ഏതെങ്കിലും ലഹരി വസ്തുക്കൾ കൊണ്ടുവരുന്നതോ സൂക്ഷിക്കുന്നതോ ഉപയോഗിക്കുന്നതോ ശ്രദ്ധയിൽ പെട്ടാൽ.

ഇ). കൗൺസിലിംഗ്/ ഡി അഡിക്ഷൻ എന്നിവ ആവശ്യമാണ് എന്ന് സ്വയം ബോധ്യപ്പെട്ടാൽ.

എഫ്). സ്കൂളിൽ നിന്നോ വീട്ടിൽ നിന്നോ മറ്റു സ്ഥലങ്ങളിൽ നിന്നോ ഉപദ്രവങ്ങൾ/ അസഹനീയമായ അനുഭവങ്ങൾ എന്നിവ ഉണ്ടായാൽ.

ജി). സമപ്രായക്കാരുടെ (Peer Group) സമ്മർദ്ദങ്ങൾ ഉണ്ടായാൽ.

എച്ച്). അമിതമായ ഉത്കണ്ഠ, മാനസിക സമ്മർദ്ദം, അകാരണമായ ഭയം എന്നിവ അനുഭവപ്പെട്ടാൽ.

മേൽ പരാമർശിച്ച സാഹചര്യങ്ങൾ ഉണ്ടായാൽ അത്തരം വിവരങ്ങൾ സ്കൂൾ അധ്യാപകർക്ക് / കൗൺസിലർമാർക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കുട്ടികൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും മാനസിക പിന്തുണയും അധ്യാപകരും രക്ഷിതാക്കളും മുഖേന നൽകുന്നതിനുള്ള സജ്ജീകരണങ്ങൽ സ്കൂൾതല ജന ജാഗ്രതാ സമിതികൾ ഏർപ്പെടുത്തേണ്ടതാണ്.

ലഹരി സംബന്ധിച്ചുള്ള വിഷയങ്ങൾ കുട്ടികൾ റിപ്പോർട്ട് ചെയ്താൽ ആയത് എക്സൈസ്, പോലീസ് വകുപ്പുകൾ അന്വേഷിച്ച്, അന്വേഷണ ഫലം രേഖാമൂലം സ്കൂളിനു കൈമാറണം.

## 2). വിദ്യാലയ ജാഗ്രതാ സമിതി

കുട്ടികളുടെ ജാഗ്രതാ കൂട്ടത്തിന്റെ സംഘാടനത്തിനും വിദ്യാലയത്തിലെ മൊത്തം സുരക്ഷയുമായി ബന്ധപ്പെട്ടും താഴെ പറയുന്ന ഘടനയിൽ വിദ്യാലയ ജാഗ്രതാ സമിതി രൂപീകരിക്കേണ്ടതാണ്. മാസത്തിൽ രണ്ടുപ്രാവശ്യം സമിതിചേരുകയും സ്കൂൾതല പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണം.

**ഘടന:**

ചെയർമാൻ - പ്രഥമാദ്ധ്യാപകൻ

കൺവീനർ (താത്പര്യവും മനോഭാവമുള്ള അധ്യാപകൻ/അധ്യാപിക)

ജോ-കൺവീനർ (താത്പര്യവും മനോഭാവമുള്ള അധ്യാപിക/അധ്യാപകൻ)

**അംഗങ്ങൾ**

പി.ടി.എ പ്രസിഡന്റ്

എം.പി.റ്റി.എ പ്രസിഡന്റ്

മാതൃസമിതി (2 പ്രതിനിധികൾ)

സ്കൂൾ ലീഡർ

വിദ്യാർത്ഥി പ്രതിനിധികൾ (ജാഗ്രതാസമിതി ലീഡർ/ഉപലീഡർ)

സ്റ്റാഫ് സെക്രട്ടറി

എച്ച്.എസ്.എസ് സൗഹൃദ കോർഡിനേറ്റർ

സ്കൂൾ കൗൺസിലർ

**ചുമതലകൾ**

- വിദ്യാലയ ജാഗ്രതാ സമിതി മാസത്തിൽ 2 പ്രാവിശ്യം ചേരുകയും സ്കൂൾതലപ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണം.
- കുട്ടികളുടെ ജാഗ്രതാ ഗ്രൂപ്പിൽ നിന്നു വരുന്ന വിവരങ്ങൾ, പരാതികൾ, റിപ്പോർട്ടുകൾ എന്നിവ ഗൗരവപൂർവ്വം പരിഗണിക്കുന്നതിന് ജാഗ്രതാ രജിസ്റ്റർ, (ഇന്റർവെൻഷൻ രജിസ്റ്റർ) സൂക്ഷിക്കേണ്ടതാണ്. .

- സ്കൂൾതലത്തിൽ പരിഹരിക്കപ്പെടാവുന്ന പ്രശ്നങ്ങളിൽ കൃത്യമായ തീരുമാന ങ്ങളെടുക്കുക.അല്ലാത്തവബന്ധപ്പെട്ട സംവിധാനങ്ങൾക്ക് എത്തിച്ചു കൊടുക്കുക
- പ്രാദേശിക ജനജാഗ്രതാ സമിതിയുമായി കൃത്യമായ ആശയവിനിമയം നടത്തുക.
- പ്രാദേശിക ജനജാഗ്രതാ സമിതിയുടെ സ്കൂൾതല ഘടകമായി പ്രവർത്തിക്കുക.
- ലഹരി ഉപയോഗം മൂലമുണ്ടാകുന്ന മാനസിക, ശാരീരിക, സാമൂഹ്യ,നിയമപര മായ പ്രശ്നങ്ങൾ കണ്ടെത്തുക.ഇവ വിദ്യാലയ സമിതിയുടെ നിലയിൽ പരിഹരി ക്കാൻ സാധിക്കുന്നവ പരിഹരിക്കുകയും അല്ലാത്തവ പ്രാദേശിക ജനജാഗ്രതാ സമിതിയുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുകയും അവിടെയും പരിഹരിക്കാൻ സാധിക്കാത്തവ ബന്ധപ്പെട്ട അധികാരികളിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യുക.
- വിദ്യാലയ ജാഗ്രത സമിതി വിദ്യാലയത്തിലെ അധ്യാപകരിൽ നിന്നും താഴെപ്പറ യുന്ന വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.

ഈ വിവരങ്ങൾ അധ്യാപകർ, സ്കൂളിലെ പ്രഥമ അധ്യാപകൻ മുഖേന പ്രദേ ശിക ജനജാഗ്രതാ സമിതികൾക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ആയത് കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് വിദ്യാലയ ജാഗ്രത സമിതികൾ ഉറുപ്പു വരുത്തേണ്ടതാ ണ്.

എ)ലഹരി ഉപഭോഗവുമായി ബന്ധപ്പെട്ട് അധ്യാപകർക്ക് നേരിട്ട് ബോധ്യപ്പെടുന്ന വസ്തുതകൾ

ബി) സ്ഥിരമായി ക്ലാസ്സിൽ ഹാജർ ആകാത്ത കുട്ടികൾ, സ്കൂളിൽ നിന്നും ക്ലാസ് ഒഴ വാക്കി പുറത്ത് പോകുന്നതുമായ കുട്ടികളുടെ വിവരങ്ങൾ

സി) സ്കൂളിനു പുറത്തുള്ള മുതിർന്ന ആൾക്കാരുമായി സഹകരണം ഉണ്ടെന്നു ബോധ്യമാകുന്ന കുട്ടികളുടെ വിവരങ്ങൾ

ഡി) ക്ലാസ്സിൽ പണമോ വിലപിടിപ്പുള്ള വസ്തുക്കളോ കൊണ്ട് വരുന്ന കുട്ടികളുടെ വിവരങ്ങൾ

ഇ) ബോധവൽക്കരണം/കൗൺസിലിംഗ്/ ഡീഅഡിഷൻ ഇവ ആവശ്യമാണ് എന്ന് ബോധ്യമാകുന്ന കുട്ടികളുടെ വിവരങ്ങൾ

എഫ്) പരിസരത്തുള്ള കടകളിൽ ലഹരി ഉൽപ്പനങ്ങൾ വിൽപ്പന നടത്തുന്നു എന്ന് സംശയിക്കുന്നു കടകളുടെ വിവരങ്ങൾ.

ജി) സ്കൂൾ കുട്ടികളുമായി ഇടപഴകുന്ന അപരിചിതരെ സംബന്ധിച്ചുള്ള വിവരങ്ങൾ

എച്ച്) കുട്ടികൾ അറിയിക്കുന്ന പരാതികൾ, വിവരങ്ങൾ, വസ്തുതകൾ എന്നിവ

ഐ) രക്ഷിതാക്കൾ അറിയിക്കുന്ന പരാതികൾ, വിവരങ്ങൾ, വസ്തുതകൾ എന്നിവ

ജെ) സ്കൂളിലെ സഹപ്രവർത്തകർ അറിയിക്കുന്ന കുട്ടികളെ സംബന്ധിച്ചുള്ള വിവ രങ്ങൾ

കെ) ലഹരി ഉപയോഗം സംബന്ധിച്ചുള്ള വിവരങ്ങൾ കൂടാതെ ലഹരി വസ്തുക്ക ളുടെ കടത്ത്, വിൽപ്പന, പെൺകുട്ടികളുടെ ശല്യം ചെയ്യുക, പോക്സോ, കോട്പ, സൈബർ കുറ്റകൃത്യങ്ങൾ അക്രമ വാസന എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ.

- കുട്ടികൾക്ക് അവരുടെ പ്രശ്നങ്ങൾ തുറന്നു പറയാൻ കഴിയാത്ത സാഹചര്യ ത്തിൽ ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ജാഗ്രതാ സമിതിയെ അറിയിക്കുന്നതിനായി ഡ്രോപ്ബോക്സുകൾ വിദ്യാലയത്തിൽ സ്ഥാപിക്കൽ.

- വിദ്യാലയത്തിൽ കുട്ടികൾക്ക് അവരുടെ പ്രശ്നങ്ങൾ സ്വസ്ഥമായി അവതരിപ്പിക്കുന്നതിനായി സാന്ത്വനമൂല സജ്ജീകരിക്കൽ.

**വിദ്യാലയ ജാഗ്രതാ സമിതി ചെയർമാന്റെ ചുമതലകൾ.**

- വിദ്യാലയ ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കൽ.
- വിദ്യാലയ ജാഗ്രതാസമിതിയുമായി ബന്ധപ്പെട്ട രജിസ്റ്റുകളും രേഖകളും കൃത്യമായി പരിപാലിക്കപ്പെടുന്നു എന്നുറപ്പിക്കൽ
- സ്കൂൾതല പ്രവർത്തനങ്ങൾ അവലോകനം ചെയ്യൽ
- മാസത്തിൽ രണ്ടുപ്രാവശ്യം യോഗം വിളിച്ചു കൂട്ടൽ, സവിശേഷ സാഹചര്യത്തിൽ യോഗം വിളിച്ചു ചേർക്കൽ
- പ്രാദേശിക ജനജാഗ്രതാ സമിതി വിളിച്ചു ചേർക്കൽ, ജാഗ്രതാ സമിതിയുമായി സ്കൂൾതല സമിതിയുടെ കാര്യങ്ങൾ ആശയ വിനിമയം നടത്തൽ

**വിദ്യാലയ ജാഗ്രതാസമിതി കൺവീനർ/ജോ.കൺവീനർമാരുടെയ ചുമതലകൾ**

- വിദ്യാലയതല ജാഗ്രതാ സമിതിയ്ക്ക് നേതൃത്വം നൽകൽ.
- കുട്ടികളുടെ ജാഗ്രതാ കൂട്ടത്തിന് നേതൃത്വം നൽകൽ
- കുട്ടികളുടെ പ്രശ്ന പരിഹാരത്തിന് മുൻകൈയെടുക്കൽ
- കൗൺസിലിംഗ് ആവശ്യമായ സന്ദർഭങ്ങളിൽ അതിനുള്ള സാഹചര്യങ്ങളൊരുക്കൽ
- വിദ്യാലയത്തിലെ കുട്ടികളും അധ്യാപകരും നൽകുന്ന വിവരങ്ങൾ ശേഖരിക്കുകയും രഹസ്യസ്വഭാവം കാത്തു സൂക്ഷിച്ച് വിശകലനം ചെയ്യലും പ്രധാനാധ്യാപകൻ മുഖാന്തിരം വിദ്യാലയ ജാഗ്രതാസമിതിയിൽ അവതരിപ്പിക്കലും
- ഇന്റർവെൻഷൻ രജിസ്റ്റർ തയ്യാറാക്കലും സൂക്ഷിക്കലും *(ഇന്റർവെൻഷൻ രജിസ്റ്ററിന്റെ മാതൃക അനുബന്ധം-1) ആയിചേർക്കുന്നു.*
- *സ്കൂൾതലത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ* ഡോക്യുമെന്റേഷൻ തയ്യാറാക്കൽ

കൺവീനർമാരുടെ അഭാവത്തിൽ ഇക്കാര്യങ്ങൾ ജോ.കൺവീനർ എറ്റെടുക്കേണ്ടതാണ്.

**3) അമ്മ റിസോഴ്സ് ഗ്രൂപ്പ്**

സ്കൂൾതലത്തിൽ അമ്മമാരുടെ ഒരുകൂട്ടായ്മയായി, അമ്മ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കാവുന്നതാണ്.

ആശയ വിനിമയം നടത്തുന്നതിനും പ്രവർത്തനങ്ങൾ ഏറ്റെടക്കുന്നതിനും, തയ്യാറുള്ള 30 മുതൽ 50 വരെ അമ്മമാരുടെ ക്രിയാത്മക കൂട്ടമാണ് "അമ്മ റിസോഴ്സ് ഗ്രൂപ്പ് ". ഇതിന് ഒരു കൺവീനർ ഉണ്ടായിരിക്കണം.

**ചുമതലകൾ :-**

- വിദ്യാലയ ജാഗ്രതസമിതിയെ സഹായിക്കൽ

- രക്ഷിതാക്കൾക്കും കുട്ടികൾക്കുമുള്ള ശാക്തീകരണ പ്രവർത്തനങ്ങളിൽ പങ്കുചേരൽ.
- പ്രാദേശിക തലത്തിൽ ചേരുന്ന കോർണർ പി.ടി.എ യോഗങ്ങളിൽ സജ്ജീവ പങ്കാളിത്തം ഉറപ്പിക്കൽ.
- കുട്ടികളുടെ കുടുംബങ്ങളിലുള്ള മദ്യം, മയക്കുമരുന്ന് സംബന്ധമായ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹരിക്കുന്നതിന് വിദ്യാലയ ജാഗ്രതാ സമിതിയെ സഹായിക്കൽ
- അവശ്യഘട്ടങ്ങളിൽ യോഗം ചേരൽ.

4). **വിദ്യാഭ്യാസ ജില്ലാതല കോ-ഓർഡിനേറ്റർ ചുമതലകൾ**

വിദ്യാഭ്യാസ ജില്ലാ തലത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ, വിദ്യാലയ ജാഗ്രതാ സമിതി കൺവീനർ/ജോയിന്റ് കൺവീനർമാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകൽ. വിദ്യാഭ്യാസ ജില്ലയിലെ സ്കൂളുകളിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ശേഖരിക്കലും ക്രോഡീകരണവും.

5). **മോണിട്ടറിംഗ് സമിതികൾ-പ്രാദേശിക ജനജാഗ്രതാസമിതി**

| പ്രാദേശിക ജനജാഗ്രതാ സമിതി | |
|---|---|
| ചെയർമാൻ | പി.റ്റി.എ പ്രസിഡന്റ് |
| കൺവീനർ | പ്രഥമാദ്ധ്യാപകൻ |
| അംഗങ്ങൾ | പി.റ്റി.എ, എം.പി.റ്റി.എ പ്രിതനിധികൾ, അധ്യാപക പ്രതിനിധികൾ, സ്കൂൾ പാർലമെന്റ് പ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ, വിദ്യാലയ വികസന സമിതി അംഗങ്ങൾ, എസ്.എം.സി പ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ, വിദ്യാലയ വികസന സമിതി അംഗങ്ങൾ, എസ്.എം.സി പ്രതിനിധികൾ, വിരമിച്ച അധ്യാപകർ, മാനേജ്മെന്റ് പ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, സ്കൂൾ പരിസരത്തുള്ള ഓട്ടോറക്ഷാ ഡ്രൈവർമാരുടെ പ്രതിനിധികൾ(കഴിയുന്നതു രക്ഷകർത്താക്കൾ), പോലീസ്, എക്സൈസ് പ്രതിനിധികൾ,സ്കൂൾ സ്ഥിതിചെയ്യുന്ന തദ്ദേശ സ്വയംഭരണ തലത്തിലെ വാർഡ് മെമ്പർ, ആരോഗ്യ വകുപ്പ്,വനിതാ ശിശു വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, ആദിവാസി/തീരദേശ മേഖലകളിലെ സ്കൂളുകളിൽ എസ്.സി/എസ്.റ്റി വകുപ്പ് പ്രതിനിധികൾ/ഫിഷറീസ് വകുപ്പ് പ്രതിനിധികൾ. |

## 6)ഉപജില്ലാ മോണിട്ടറിംഗ് സമിതി

ഘടന ഃ

ചെയർമാൻ- അതത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് സ്ഥിതിചെയ്യുന്ന പ്രദേശത്തെ തദ്ദേശസ്ഥാപനത്തിലെ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ.

കൺവീനർ :-ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ

അംഗങ്ങൾ :-

- ബി.പി.സി (എസ്.എസ്.കെ)
- ഡയറ്റ് ഫാക്കൽറ്റി
- പ്രഥമാദ്ധ്യാപക പ്രതിനിധി
- സൗഹൃദ ക്ലബ് പ്രതിനിധി
- സ്കൂൾ കൗൺസിലർ പ്രതിനിധി.
- വനിതാ ശിശു വികസന മെമ്പർ

ചുമതലകൾ

- ഉപജില്ലയിലെ വിദ്യാലയ ജാഗ്രതാസമിതികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കൽ, വിലയിരുത്തൽ
- ഉപജില്ലാതല പ്രവർത്തന റിപ്പോർട്ടുകൾ ശേഖരിക്കുകയും ക്രോഡീകരിക്കൽ
- വിദ്യാലയ ജാഗ്രതാ സമിതികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകൽ.
- വിദ്യാഭ്യാസ ജില്ലാതല സമിതിയുമായി ആശയ വിനിമയം ഉറപ്പാക്കൽ.
- ഉപജില്ലയിലെ വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട് ലഹരി വിരുദ്ധപ്രവർത്തനങ്ങളുടെ വിവരങ്ങൾ ശേഖരിക്കലും ബന്ധപ്പെട്ട അധികാരികളുമായി ആശയവിനിമയം നടത്തലും.
- ഉപജില്ലയിലെ ജാഗ്രത സമിതികൾക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകൽ.
- പ്രത്യേകം പരിഗണിക്കേണ്ട വിദ്യാലയങ്ങളിൽ സവിശേഷ ഇടപെടൽ നടത്തൽ.

## 7)വിദ്യാഭ്യാസ ജില്ലാ മോണിട്ടറിംഗ് സമിതി.

എല്ലാ വിദ്യാഭ്യാസ ജില്ലയിലും ഉപജില്ലാ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും മോണിറ്ററിംഗ് നടത്തുന്നതിനുമായി ജില്ലാ വിദ്യാഭ്യാസ ആഫീസർമാരുടെ ചുമതലയിൽ വിദ്യാഭ്യാസ ജില്ലാ മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കേണ്ടതാണ്.

ഘടന

ചെയർമാൻ - അതത് ജില്ലാ വിദ്യാഭ്യാസ ആഫീസ് സ്ഥിതിചെയ്യുന്ന തദ്ദേശ സ്ഥാപനത്തിലെ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ

കൺവീനർ - ഡി.ഇ.ഒ
അംഗങ്ങൾ

- വിദ്യാലയ ജാഗ്രതസമിതി അംഗങ്ങളിൽ ഒരാൾ
- എ ഇ ഒ മാർ
- ബി.പി.ഒമാർ
- പ്രഥമാദ്ധ്യാപക പ്രതിനിധികൾ
- ഡയറ്റ് ഫാക്കൽറ്റി
- കൗൺസിലർ പ്രതിനിധി
- സൗഹൃദ ക്ലബ്ബ് പ്രതിനിധി

**ചുമതലകൾ:-**

- ഉപജില്ലാതല പ്രവർത്തനങ്ങൾ അവലോകനവും മോണിട്ടറിംഗും.
- വിദ്യാഭ്യാസ ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ.
- വിദ്യാഭ്യാസ ജില്ലയിലെ വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ വില യിരുത്തൽ. പരിഹരണ പ്രവർത്തനങ്ങൾക്കായി പ്ലാൻ തയ്യാറാക്കൽ.
- ഉപജില്ലകളിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം , നിർദ്ദേശം നൽകൽ
- വിദ്യാഭ്യാസ ജില്ലാതല റിപ്പോർട്ട് -ഡോക്യുമെന്റേഷൻ തയ്യാറാക്കൽ
- മേൽഘടകങ്ങൾക്ക് റിപ്പോർട്ട് നൽകൽ

(വിദ്യാഭ്യാസ ജില്ലാ കോ-ഓർഡിനേറ്റർമാരുടെ ചുമതലയിലാണ് റിപ്പോർട്ടുകൾ ക്രോഡീകരിക്കേണ്ടതും അവതരിപ്പിക്കേണ്ടതും)

**8)ജില്ലാ മോണിട്ടറിംഗ് സമിതി**

ജാഗ്രതാ സമിതിയുടെ ജില്ലാതല പ്രവർത്തനങ്ങളുടെ ചുമതലക്കാരായി ജില്ലാ കളക്ടർറുടെയും ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെയും നേതൃത്വത്തിൽ ജില്ലാ മേൽനോട്ട സമിതിയുണ്ട്. ജില്ലാ മേൽനോട്ട സമിതിയുമായി ആശയവിനിമയം ചെയ്യാനും ജില്ലാതല റിപ്പോർട്ടുകൾ ക്രോഡീകരിക്കാനുമായി വിദ്യാഭ്യാസ ഉപഡയറക്ട റുടെ നേതൃത്വത്തിൽ ഒരു മോണിട്ടറിംഗ് സമിതി രൂപികരിക്കേണ്ടതാണ്.

ചെയർമാൻ - അതത് വിദ്യഭ്യാസ ഉപ ഡയറക്ടറുടെ ഓഫീസ് നിലനിൽക്കുന്ന തദ്ദേശസ്വയഭരണ സ്ഥാപനത്തിലെ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
കൺവീനർ- വിദ്യാഭ്യാസ ഉപ ഡയറക്ടർ

**അംഗങ്ങൾ**

- വിദ്യാഭ്യാസ ജാഗ്രതാസമിതി കൺവീനർമാരിലൊരാൾ
- ഡി.പി.സി (എസ്.എസ്.കെ)
- ഡയറ്റ് പ്രിൻസിപ്പൽ
- വിദ്യാകിരണം കോർഡിനേറ്റർ
- എച്ച്.എസ്.എസ്/വി.എച്ച്.എസ്.എസ് പ്രൻസിപ്പാൾ പ്രതിനിധി
- വിദ്യാഭ്യാസജില്ലാ കോ-ഓർഡിനേറ്റർമാർ
- ആർ ഡി ഡി / എഡി
- സൗഹൃദ ക്ലബ് പ്രതിനിധി

-ഡി.ഇ.ഒ മാർ
-എ.ഇ.ഒ പ്രതിനിധി
-സ്കൂൾ കൗൺസിലർ പ്രതിനിധി

**ചുമതലകൾ**

- വിദ്യാഭ്യാസ ജില്ലാതല പ്രവർത്തനങ്ങൾ ക്രമപ്പെടുത്തൽ, മോണിട്ടർ ചെയ്യൽ
- ജില്ലാതലത്തിൽ റിപ്പോർട്ടുകൾ ശേഖരിക്കൽ, ക്രോഡീകരിക്കൽ
- ജില്ലാമേൽനോട്ട സമിതികൾ റിപ്പോർട്ട് അവതരിപ്പിക്കൽ
- ജില്ലയിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ നില വിശകലനം ചെയ്യൽ
- സഹായം ആവശ്യമുള്ള ഘട്ടത്തിൽ സഹായം ലഭ്യമാക്കൽ.
- ജില്ലാമേൽ നോട്ടസമിതിയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തൽ

9)**ജില്ലാ മേൽനോട്ട സമിതി (ജില്ലാതലം)**

| | |
|---|---|
| ചെയർമാൻ | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് |
| കൺവീനർ | ജില്ലാ കളക്ടർ |
| അംഗങ്ങൾ | ജില്ലാ ഗവൺമെന്റ് പ്ലീഡർ (ഡി.ജി.പി), ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ (ഡി.ഡി.ഇ) ഡെപ്യൂട്ടി എക്സൈസ് കമ്മീഷർ (ഡി.ഇ.സി) ജില്ലാ പോലീസ് മേധാവി, ഡിസ്ട്രിക് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ (ഡി.സി.പി.ഒ) മെഡിക്കൽ എജ്യൂക്കേഷ്ൻ വകുപ്പിൽ (ഡി.എം.ഇ) നിന്നും സൈക്കാട്രി വിഭാഗം പ്രതിനിധി, ജില്ലാ സാമൂഹ്യ നീതി വകുപ്പ് ഓഫീസർ (ഡി.എസ്.ജെ.ഒ) ജില്ലാ മെഡിക്കൽ ഓഫീസർ(ഡി.എം.ഒ)ജില്ലാ കൺവീനർ), (ജാഗ്രതാസമിതി), സമഗ്ര ശിക്ഷാ (ഡി.പി.സി) ഡയറ്റ് പ്രിൻസിപ്പൽ) ,ചൈൽ വെൽഫയർ കമ്മിറ്റി (സി.ഡബ്ലിയു. സി) ചെയർമാൻ, കോർപ്പറേഷൻ ഉൾക്കൊള്ളുന്ന 6 ജില്ലകളിൽ കോർപ്പറേഷൻ മേയർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ (ഡി.ഇ.ഒ) സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ/കെ.വി/നവോദയ സ്കൂളുകളുടെ പ്രതിനിധികൾ |

അനുബന്ധം .2

## സ്കൂൾതല ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ-വാർഷിക പദ്ധതി

വിദ്യാർത്ഥികളുടെ ശാരീരികവും, മാനസികവും, സാമൂഹികവും വൈകാരികവും നിയമ പരവുമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് അവരെ ശാക്തീകരിക്കുന്നതിനുള്ള ഒരു കർമ്മപദ്ധതിയായാണ് സ്കൂൾ തലത്തിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളെ സമീപിക്കേണ്ടത്.

കുട്ടികളുടെ അവകാശ സംരക്ഷണത്തിന്റെ കാതലായ പരിരക്ഷ, സുരക്ഷ, പങ്കാളിത്തം (Provision, Protection and Participation)എന്നീ ഘടകങ്ങൾ പരിഗണിച്ചു കൊണ്ടാവണം ഇത്. ലഹരി ഉപയോഗത്തിന്റെ അനന്തര ഫലങ്ങൾ പുതിയ തലമുറയുടെ ശാരീരിക, മാനസിക, ആരോഗ്യത്തെ ദുർബലപ്പെടുത്തുകയും സംസ്കാരിക നാശത്തിന് കാരണമാകുകയും ചെയ്യുന്നു. അതിനാൽ സമൂഹത്തെ ലഹരി ഉപയോഗത്തിൽ നിന്നും പൂർണ്ണമായി മുക്തമാക്കാനും ലഹരിയിലേയ്ക്ക് വഴിതെളിയിക്കുന്ന ഘടകങ്ങൾക്ക് തടയിടാനുമുള്ള പ്രവർത്തന പരിപാടിയാണ് ചുവടെ നൽകിയിരിക്കുന്നത്.

| ന | **മാസം/ കാലയളവ്** | **പ്രവർത്തനം** | **പ്രവർത്തനത്തിന് പരിഗണിക്കേ ഘടകങ്ങൾ** | **തലം/ ഏജൻസി** |
|---|---|---|---|---|
| 1 | ആഗസ്റ്റ് മാസം | വിദ്യാലയതല ജാഗ്രതാ സമിതി രൂപീകരണവും കൺവീനർമാരുടെ തെരഞ്ഞെടുപ്പും | *നിർദ്ദിഷ്ട ഘടനയോടുകൂടിയ സമിതി രൂപീകരിക്കൽ<br>*വിദ്യാലയ കൺവീനർ/ജോയിന്റ് കൺവീനർ, കോ-ഓർഡിനേറ്റർ തീരുമാനിക്കൽ | വിദ്യാലയം |
| 2 | ആഗസ്റ്റ് മാസം | വിദ്യാലയതല ജാഗ്രതാ ബ്രിഗേഡുകളുടെ രൂപീകരണം, സ്കൂൾതല ഡ്രോപ്പ് ബോക്സുകൾ സ്ഥാപിക്കൽ | *യുപി എച്ച്.എസ് ജാഗ്രതാ ബ്രിഗ്രേഡ്<br>*എച്ച്.എസ്.എസ്-സൗഹൃദ ക്ലബ്ബുകൾ | വിദ്യാലയം |

| | | | | |
|---|---|---|---|---|
| 3 | ആഗസ്റ്റ് 2023 | ഉപജില്ലാ തല മോണിറ്ററിംഗ് സമിതി രൂപീകരണം | ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഡി. ഡി.ഇ,ആർ.ഡി.ഡി/എ.ഡി, ഡയറ്റ്, ഡി.ഇ.ഒ | ജില്ലാതലം |
| 4 | സെപ്റ്റംബർ 2023 | എസ്.സി.ഇ.ആർ.ടിവനിതാ ശിശു വികസനം,എക്സൈസ് സംയുക്തമായി തയ്യാറാക്കിയ സ്ക്രീനിംഗ് ടൂൾ ഉപയോഗിച്ചുള്ള പ്രാഥമിക പിന്തുണാ സ്ക്രീനിംഗ് | പൊതു വിദ്യാഭ്യാസ വകുപ്പ് ഇതിനായി തയ്യാറാക്കിയ മാർഗ്ഗരേഖ പ്രയോജനപ്പെടുത്തിയുള്ള അധ്യാപക പരിശീലനവും അവലോകനവും, (സ്ക്രീനിംഗ്, പ്രാഥമിക കൗൺസിലിംഗ്, ദ്വിതീയ കൗൺസിലിംഗ്) | സ്കൂൾ , വിദ്യാഭ്യാസ ജില്ലാതലം |
| 5 | സെപ്റ്റംബർ 2023 | മെഡിക്കൽ ദന്ത പരിശോധനാ ക്യാമ്പ്- ആരോഗ്യ വകുപ്പ്, മെഡിക്കൽ എഡ്യുക്കേഷൻ,വനിതാ ശിശുവികസനം എന്നിവയുടെ പിന്തുണയോടെ | തെറ്റായ ജീവിത ശൈലി, ഭക്ഷണരീതി,ലഹരി വിധേയത്വമുള്ള വരെ കണ്ടെത്തി പരിചരണം ഉറപ്പാക്കൽ | വിദ്യാഭ്യാസജില്ല (തെരഞ്ഞെടുത്ത സ്കൂളുകളിൽ) |
| 6 | സെപ്റ്റംബർ 2023 | ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഹ്രസ്വചിത്ര നിർമ്മാണം | ലഹരിക്കെതിരായ സന്ദേശം നൽകുന്ന സിനിമാ നിർമ്മാണം. | വിദ്യാലയം |
| | | | വിദ്യാഭ്യാസ ജില്ലാ തലത്തിൽ ഹ്രസ്വസിനിമാ ഫെസ്റ്റിവൽ | വിദ്യാഭ്യാസ ജില്ല |
| 7 | സെപ്റ്റംബർ 2023 | ജില്ലാതല റിവ്യൂ | ജാഗ്രാത കോ-ഓർഡിനേറ്റർമാർ, വിദ്യാഭ്യാസ ആഫീസർമാർ *ഹൈസ്കൂൾ, വി.എച്.എസ്.ഇ, യു.പി സ്കൂൾ, ജാഗ്രതാ കോ-ഓർഡിനേറ്റർമാർ. *ഹയർ സെണ്ടറി വിഭാഗം സൗഹൃദക്ലബ് കോ-ഓർഡിനേറ്റർമാർ | ജില്ലാതലം |
| 8 | സെപ്റ്റംബർ 2023 | അമ്മമാരുടെ റിസോഴ്സ് ഗ്രൂപ്പ്, വനിതാ ശിശു വികസനം, സമൂഹ്യനീതി, എക്സൈസ്, പോലീസ്, ആരോഗ്യവകുപ്പ് പിന്തണയോടെ | *ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ /അമ്മമാരുടെ പങ്ക് . *പെൺകുട്ടികളുടെ ശാക്തീകരണം. *ലഹരിക്കടിമപ്പെടുന്നതിൽ നിന്നുള്ള മുന്നറിയിപ്പ്, പ്രതിരോധം. | വിദ്യാഭ്യാസ ജില്ലാ/ ക്ലാസ് തലം |

| | | | | |
|---|---|---|---|---|
| 9 | ഒക്ടോബർ 2023 | പുതുലഹരി-കുട്ടികൾക്കായി കാ-കായിക നിർമ്മാണ പരിശീലനവും/ മൽസരങ്ങൾ സംഘടിപ്പിക്കലും (വിമുക്തി മിഷൻ, എക്സൈസ് വകുപ്പ് പിന്തുണയോടെ) | സ്പോർട്സ് മൽസരങ്ങൾ (ഫുട്ബോൾ, ഖൊ-ഖോ, പട്ടം പറത്തൽ) പ്രദർശനങ്ങൾ നിർമാണക്കളരി. | സ്കൂൾ തലം |
| 10 | ഒക്ടോബർ 2023 | പ്രാദേശിക സംവാദ സദസ്സ് (ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി) | കലാകായിക പ്രതിഭകൾ, സെലിബ്രിറ്റികൾ, മാധ്യമ പ്രവർത്തകർ, നിയമ വിദഗ്ധർ,മനഃശാസ്ത്രജ്ഞൻമാർ, ആരോഗ്യവിദഗ്ദർ, മജീഷ്യൻമാർ മുതലായവരുടെ പാനലുകൾ രൂപീകരിച്ചുള്ള സംവാദാത്മക പരിപാടികൾ | സ്കൂൾ പ്രദേശിക തലം |
| 11 | ഒക്ടോബർ 2023 | പ്രഥമാദ്ധ്യാപകർക്കും കോ-ഓർഡിനേറ്റർമാർക്കും പരിശീലനം -ഓൺലൈൻ | റിപ്പോർട്ടിംഗ്, കൗൺസിലിംഗ് സംബന്ധിച്ചുള്ള ധാരണ ഉറപ്പാക്കുന്നതിന് | ജില്ലാ തലം |
| 12 | ഒക്ടോബർ 30-ന് മുൻപ് | ''അന്യോന്യം''-സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ സംയുക്ത പ്രവർത്തനം | ആശയവിനിയമപാടവം, റോൾപ്ലേ, നേതൃപാടവപ്രവർത്തനങ്ങൾ, സർഗ്ഗാത്മക പ്രവർത്തനങ്ങൾ, ഡിജിറ്റൽ പ്രസന്റേഷനുകൾ, സമൂഹ്യ മാധ്യമ റീലുകൾ, പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കൽ | സ്കൂൾ തല വിദ്യാഭ്യാസ ജില്ല. |
| 13 | നവംബർ 1 | ''ലഹരി വിരുദ്ധ നവകേരള'' സന്ദേശം | (കുടുംബമൊന്നിച്ചുള്ള ലഹരി വിരുദ്ധ റീലുകൾ, പ്ലെയറുകൾ സാമൂഹ്യ മാധ്യമങ്ങളിൽ പങ്ക് വെപ്പ് ) | സ്കൂൾ തലം |
| 14 | നവംബർ 10 ന് മുൻപ് | ജാഗ്രതാ ബ്രിഗേഡ്- കുട്ടികൾക്കുള്ള ലൈഫ് സ്കിൽ പരിശീലനം( ലീഡർഷിപ്പ് പ്രോഗ്രാം-വിദ്യാഭ്യാസ ജില്ലാ തലത്തിൽ എക്സൈസ് വകുപ്പിന്റെ പിന്തുണയോടെ | ഓരോ സ്കൂളിലെയും 20-30 കുട്ടികളടങ്ങിയ ബ്രിഗേഡുകൾക്കുള്ള ശിൽപ്പശാല | വിദ്യാഭ്യാസ ജില്ല, സ്കൂൾ തലം |

| | | | | |
|---|---|---|---|---|
| 15 | നവംബർ 14 | ശിശുദിന അസംബ്ലിയും ,വിദ്യാഭ്യാസ ജില്ലാതലലഹരി വിരുദ്ധ പാർലമെന്റും, (സാമൂഹ്യനീതി വകുപ്പ്, വനിത ശിശുവികസന വകുപ്പ് പിന്തുണയോടെ) | • എല്ലാ വിദ്യാലയങ്ങളിലും ശിശുദിന അസംബ്ലി,വ്യത്യസ്ത അവതരണങ്ങൾ<br>• വിദ്യാഭ്യാസ ജില്ലയിലെ മുഴുവൻ സ്കൂളുകളുടെയും പങ്കാളിത്തമുള്ള വിദ്യാർത്ഥി പാർലമെന്റ് (Anti drug parliment) | സ്കൂൾ തലം<br><br>വിദ്യാഭ്യാ ജില്ലാ തലം |
| 16 | നവംബർ 20 ന് മുൻപ് | ജില്ലാതല റിവ്യൂ | എച്ച്.എസ്,വി.എച്ച്.എസ്.ഇ,യു.പി സ്കൂൾ ജാഗ്രത കോ-ഓർഡിനേറ്റർ മാരുടെയും,വിദ്യാഭ്യാസ ഓഫീസർമാരുടെയും അവലോകനം | സ്കൂൾ/ വിദ്യാഭ്യാസ ജില്ല/ ജില്ലാ തലം |
| 17 | ഡിസംബർ 10 | മനുഷ്യാവകാശദിനം - ലഹരി വിരുദ്ധ പഠന കോൺഗ്രസ്സ് | ലഹരി വിരുദ്ധ സെമിനാറുകൾ ക്ലാസ്സ് തലത്തിലും, വിദ്യാലയത്തിലും .<br><br>വിദ്യാഭ്യാസ ജില്ലാ തലത്തിൽ തെരഞ്ഞെടുത്ത പ്രബന്ധങ്ങളുടെ അവതരണം (കുട്ടികളുടെ പഠന കാൺഗ്രസ്സ്) | സ്കൂൾ<br><br>വിദ്യാഭ്യാസ ജില്ല |
| 18 | ജനുവരി 10 | എക്സിബിഷനുകൾ/ വെൽനെസ്സ് പ്രോഗ്രാമുകൾ-(എക്സൈസ്, വനിതാ ശിശു വികസനം,ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ് എന്നിവയുടെ പിന്തുണയോടെ) | ആരോഗ്യത്തേയും ശരീരത്തേയും ദോഷകരമായി ബാധിക്കുന്ന വസ്തുക്കളെക്കുറിച്ചുള്ള ബോധവൽക്കരണം/ ശാസ്ത്രീയ അറിവുകൾ പങ്കുവയ്ക്കുന്നതിനും | സ്കൂൾ വിദ്യാഭ്യാസ ജില്ലാതലം |

മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ ഓരോ വിദ്യാലയം കേന്ദ്രീകരിച്ചും സമയബന്ധിതമായി നടക്കേണ്ടതുണ്ട്. ഓരോ വിദ്യാലയത്തിനും( യു പി/ഹൈസ്കൂൾ/ഹയർസെക്കണ്ടറി/വി എച്ച് എസ് ഇ) പ്രദേശത്തിനും, കുട്ടികളുടെ പ്രായത്തിനനുസരിച്ചുള്ള സവിശേഷ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി കൂട്ടിച്ചേർക്കാവുന്നതാണ്. വിദ്യാലയതല പ്രവർത്തനങ്ങളുടെയും , വിദ്യാഭ്യാസ ജില്ലാ തല പ്രവർത്തനങ്ങളുടെയും ഡോക്യുമെന്റേഷനുകൾ തയ്യാറാക്കി ജില്ലാ വിദ്യാഭ്യാസ സമിതിക്ക് സമർപ്പിക്കേണ്ടതാണ്. വിദ്യാലയത്തിൽ വിദ്യാലയജാഗ്രതാസമിതിയും പ്രാദേശിക തലത്തിൽ ജനജാഗ്രതാ സമിതിയും നടപ്പിലാക്കുന്ന വിവിധ പരിപാടികൾക്ക് മറ്റ് വകുപ്പുകളുടെ (വനിതാ ശിശുവികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, എക്സൈസ്, പോലീസ്, ആരോഗ്യവകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, കായിക വകുപ്പ്) പിന്തുണയും ഏകോപനവും ഓരോ തലത്തിലും ഉറപ്പാക്കിയാവണം പദ്ധതികൾ നടപ്പിലാക്കേണ്ടത്.

അനുബന്ധം - 1

# Intervention Register

- Date :
- Name of the student :
  (Don't write the name if the
  problem is relates with POCSO)
- Class :
- Division :
- Details of the Issue
- Details of the primary intervention :
- Whether the issue has been recommended for IInd level counseling Medical treatment :
- Recommendation of the Headmaster/ Principal :
- Signature of the Principal/HM :
- Ist follow up (Date) :
- IInd follow up (Date) :

## ഇന്റർവെൻഷൻ രജിസ്റ്റർ

- തീയതി :
- കുട്ടിയുടെ പേര് :
- ക്ലാസ്സ് :
- ഡിവിഷൻ :
- കണ്ടെത്തിയ പ്രശ്നം :
- പ്രാഥമിക ഇടപെടലിന്റ് വിശദാംശം :
- രണ്ടാം ഘട്ടം കൗൺസിലിങ്ങ്/ചികിൽസ നിർദ്ദേശിച്ചത് :
- പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ ശുപാർശ :
- ഒപ്പ് :
- 1) തുടർ നടപടി :
- 2) തുടർ നടപടി :